പതിനാലാം കേരള നിയമ സഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T. 5933 — 04.07.2019- ൽ മറുപടിക്ക്

# കോഴിക്കോട് ജില്ലയിലെ ദേശീയപാത വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ദാസൻ** | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ അഴിയൂർ വില്ലേജ് മുതൽ കോഴിക്കോട് താലൂക്കിലെ രാമനാട്ടുകര വില്ലേജ് വരെ 185.950 കി.മീ. മുതൽ 260.200 കി.മീ. വരെ വടകര, കൊയിലാണ്ടി, കോഴിക്കോട് താലൂക്കുകളിൽ നിന്നുമായി 74.22 കി.മീ. നീളത്തിൽ 124.5697 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാനുണ്ട്. മേൽ പ്രവൃത്തി കൊയിലാണ്ടി, വടകര എന്നീ 2 യൂണിറ്റുകളിലായി സ്പെഷ്യൽ തഹസിൽദാരുടെ കീഴിൽ നടന്നുവരുന്നു. ഏറ്റെടുക്കേണ്ട സ്ഥലങ്ങളുടെ മുഴുവൻ 3 എയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. വടകര താലൂക്കിൽ അഴിയൂർ ബൈപ്പാസിന് ആകെ കൈമാറേണ്ട 9.9947 ഹെക്ടർ ഭൂമിയിൽ 9.5876 ഹെക്ടർ ഭൂമിയും NHAI ക്ക് കൈമാറിയിട്ടുണ്ട്. ബാക്കി ഭൂമി ഉടൻ കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. നാളിതുവരെയായി NHAI ൽ നിന്നും 73,20,97,368/- രൂപ ലഭിച്ചതിൽ 51,04,12,307/- രൂപ നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. വടകര ഡിവിഷനിൽ ഉൾപ്പെടുന്ന അഴിയൂർ ഒഞ്ചിയം, ചോറോട്, വടകര, നടക്കുതാഴ എന്നീ വില്ലേജുകളിലെ ഭൂമിക്ക് അടിസ്ഥാന വില നിർണയവും നടത്തി. ഡീറ്റെയിൽഡ് വാല്വേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |

കൊയിലാണ്ടി താലൂക്കിൽ ദേശീയപാത 66 വികസനത്തിനാവശ്യമായ സ്ഥലം കൊയിലാണ്ടി എൻ.എച്ച്. ഡിവിഷനും കൊയിലാണ്ടി ബൈപ്പാസുമായി തിരിച്ച് 93.7373 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാനുണ്ട്. കൊയിലാണ്ടി ബൈപ്പാസിനായി നന്തി മുതൽ ചെങ്ങോട്ടുകാവ് വരെ 11 കി.മീ. ദൂരത്തിൽ സ്ഥലം ഏറ്റെടുക്കുവാനുണ്ട്. ആയതിന്റെ 3 എ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. 3 ഡി ഭാഗികമായും പ്രസിദ്ധീകരിച്ചു.

കൊയിലാണ്ടി താലൂക്ക് കൊയിലാണ്ടി എൻ.എച്ച് ഡിവിഷൻ ഉൾപ്പെട്ടുവരുന്ന ഇരിങ്ങൽ വില്ലേജിലെ 2.0991 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി 41,37,97,859/- രൂപ NHAI യിൽ നിന്നും അനുവദിച്ചു കിട്ടിയതിൽ 16,51,46,659/- രൂപയുടെ നഷ്ടപരിഹാരം നാളിതുവരെയായി വിതരണം ചെയ്തു. അവശേഷിക്കുന്ന സ്ഥലങ്ങളുടെ വില നിർണയം പൂർത്തിയാക്കി DVS തയ്യാറാക്കി വരുന്നു.

കോഴിക്കോട് ബൈപ്പാസിന്റെ അക്വിസിഷൻ ജോലികൾ പൂർത്തിയാക്കുന്നതിനായി ചേമഞ്ചേരി വില്ലേജിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിനായി 13,35,40,392/- രൂപ അനുവദിച്ചതിൽ 3,92,97,713/- രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.

ജില്ലാ കളക്ടറുടെ അദ്ധ്യക്ഷയിൽ ഓരോ മാസവും ദേശീയപാത സ്ഥലം ഏറ്റെടുപ്പ് പുരോഗതി അവലോകനം ചെയ്തു വരുന്നു. കോഴിക്കോട് ജില്ലയിൽ 95% സ്ഥലത്തിന്റെ 3 ഡി നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൊയിലാണ്ടി ബൈപ്പാസിന്റെ ഒഴികെയുള്ള അടിസ്ഥാനഭൂമി വില നിർണയം പുത്തിയായിട്ടുണ്ട്. വില നിർണയം പൂർത്തിയായ ഇരിങ്ങൽ, അഴിയൂർ (അഴിയൂർ – മാഹി ബൈപ്പാസ് ഭാഗം), ചേമഞ്ചേരി എന്നീ വില്ലേജുകളിലെ സ്ഥലം ഏറ്റെടുക്കുന്നതിനായി നാഷണൽ ഹൈവെ അതോറിറ്റി ഓഫ് ഇന്ത്യ അനുവദിച്ച നൽകിയ തുകയിൽ 72 കോടിയോളം രൂപ നഷ്ടപരിഹാര ഇനത്തിൽ നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളത് എന്ന് വിശദമാക്കാമോ? | (ബി) | അഴിയൂർ (നാഷണൽ ഹൈവെ ഭാഗം), നടക്കുതാഴ, ഇരിങ്ങൽ, മൂടാടി, തിക്കൊടി, ചെങ്ങോട്ടുകാവ് എന്നീ വില്ലേജുകളിലെ DVS തയ്യാറാക്കി ഫണ്ടിനായി നാഷണൽ ഹൈവെയോട് അപേക്ഷിച്ചിട്ടുണ്ട്. അടിസ്ഥാന വില നിർണയം പൂർത്തിയായ ബാക്കി വില്ലേജുകളിൽ DVS തയ്യാറാക്കി വരുന്നു. DVS ന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹൈവെ അതോറിറ്റി ഓഫ് ഇന്ത്യ അനുവദിച്ച തരുന്ന നഷ്ടപരിഹാര തുക കക്ഷികൾക്കു വിതരണം ചെയ്തു സ്ഥലം ഏറ്റെടുത്ത് നാഷണൽ ഹൈവെ അതോറിറ്റി ഓഫ് ഇന്ത്യക്കു കൈമാറേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ